"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
നമ്പർ:.DT/4815/19-C1. തീയതി: 13/03/2020

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - 2019 അഡ്മിഷൻ - MIS പോർട്ടലിൽചേർത്ത പേരുകളിൽ തിരുത്തലുകൾ വരുത്തുന്നത് - നിർദ്ദേശങ്ങൾ സംബന്ധിച്ച്:-

സൂചന:-

1. 06.08.2020 തീയതിയിലെ ഇതേ നമ്പരായ ചുറ്ററിയിപ്പ്.

2. ഡി.ജി.റ്റി യുടെ MIS Uploading സംബന്ധമായ സമയക്രമപട്ടിക

********

21.10.2019-നകം പ്രവേശിപ്പിച്ച ഏതെങ്കിലും ട്രെയിനികളുടെ വിവരങ്ങൾ MIS പോർട്ടലിൽ ചേർക്കാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ ആയത് ചേർക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളെല്ലാം ഡയറക്ടറേറ്റ് തലത്തിൽ പരിഗണിച്ച് പോർട്ടലിൽ ചേർത്തിട്ടുണ്ട്. ആയത് ഐ.ടി.ഐ കൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതും ഡി.ജി.റ്റിയിൽ നിന്നുള്ള സമയക്രമമനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ട്രെയിനിയുടെ പേര് , പിതാവിന്റെ പേര് എന്നിവ പോർട്ടിലിൽ ചേർത്തപ്പോൾ അപാകത വന്നിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന എക്സൽ ഫോർമാറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി ആയതിന്റെ Hard Copy , Soft Copy ,പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ് , MIS പോർട്ടലിൽ ടി ട്രെയിനിയുടെ പേര് ഉൾപ്പെടുന്ന ലിസ്റ്റ് , തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള വ്യക്തമായ അപേക്ഷ എന്നിവ സഹിതം 15.03.20 നകം dettraining@gmail.com എന്ന ഇ.മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇ.മെയിൽ ചെയ്യുമ്പോൾ Subject രേഖപ്പെടുത്തേണ്ടിടത്ത് "Request for Correction in Name " എന്ന് വ്യക്തമായി രേഖപ്പെടുത്തണം. പരമാവധി 3 അക്ഷരം മാത്രമേ തിരുത്താൻ കഴിയൂ എന്നതിനാൽ

അതിൽ കൂടുതലുള്ള തിരുത്തൽ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

അപാകതകൾ വേണ്ടവിധത്തിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്ന് സ്ഥാപനങ്ങൾ യഥാസമയം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ഉള്ളടക്കം: ഫോർമാറ്റ്

**ADDITIONAL DIRECTOR**
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

//ഉത്തരവിൻ പ്രകാരം//

## CORRECTION FORMAT

| SL NO | MIS ITI CODE | ITI NAME | TRAINEE REGISTRATION No. | TRAINEE NAME | FATHER NAME | Remarks( Mension the field and nature of correction required) |
|---|---|---|---|---|---|---|
| | | | | | | |

Note: ട്രെയിനിയുടെ പേരിലോ അച്ഛന്റെ പേരിലോ മാത്രമാണ് correction സാധ്യമാകുന്നത്. ആയതിനാൽ ടി കോളങ്ങൾ SSLC സർട്ടിഫിക്കറ്റിലുള്ളത് പോലെ പൂരിപ്പിച്ച് correct ചെയ്യേണ്ട കോളം / സെൽ ഹൈലൈറ്റ് ചെയ്ത് അയക്കുക